പതിനാലാം കേരള നിയമസഭ

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.** 3548 — 15/03/2018 ൽ മറുപടിക്ക്

## സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.സി. ജോർജ്** | **ശ്രീ. എ.സി.മൊയ്തീൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് പൊതുമേഖലയിൽ പ്രവർത്തിയ്ക്കുന്ന ഇരുമ്പ് ഉരുക്ക് വ്യവസായ ശൃംഖലയായ സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ്(സിൽക്ക്) 2018-19 സാമ്പത്തിക വർഷത്തിൽ അധിക വിറ്റുവരവ് ലക്ഷ്യമിടുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) സംസ്ഥാനത്ത് പൊതുമേഖലയിൽ പ്രവർത്തിക്കുന്ന സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിൻെറ നിലവിലുള്ള പ്രവർത്തനങ്ങൾക്കു പുറമേ പ്രവർത്തനം വിപുലീകരിക്കുന്നതിനായി അഴീക്കൽ യൂണിറ്റിൽ ബോട്ടുകളുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ഡ്രൈഡോക്ക് സ്ഥാപിക്കുന്നതിനായി 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>മേൽപ്പറഞ്ഞതു കൂടാതെ, തുറവൂർ യൂണിറ്റിൽ ഫർണിച്ചർ ഷോറും, ചേർത്തല സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റിൽ കൂടുതൽ ഓർഡറുകൾ നടപ്പിലാക്കുന്നതിനുള്ള നവീകരണപ്രവൃത്തികൾ, ഒറ്റപ്പാലം ഫൗണ്ടറി യൂണിറ്റിൽ ലാബ് സൗകര്യം ഏർപ്പെടുത്തി റെയിൽവേയിൽ നിന്നുള്ള ഓർഡറുകൾ, ഡി.ഐ.കാസ്റ്റിങ്ങുകൾക്ക് വേണ്ടി പുതിയ ഫർണസ് സ്ഥാപിച്ച് പുതിയ ഓർഡറുകൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതി എന്നിവ 2018-19 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതിനായി ആവിഷ്ക്കരിച്ചുവരുന്നു. |
| (ബി) നിലവിൽ ഈ പൊതുമേഖലാ സ്ഥാപനം ലാഭത്തിലാണോ; 2011 മുതൽ നാളിതുവരെയുള്ള പ്രസ്തുതസ്ഥാപനത്തിന്റെ ലാഭ-നഷ്ടകണക്കുകൾ സംബന്ധിച്ച വിവരം വിശദമാക്കുമോ; | (ബി) 2011-12 മുതൽ 2016-17 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിൻെറ ലാഭത്തിൻെറ വിവരം ചുവടെ ചേർക്കുന്നു. 2017-18 സാമ്പത്തിക വർഷത്തെ കണക്കുകൾ സാമ്പത്തിക വർഷം പൂർത്തിയായതിനുശേഷമേ ലഭ്യമാകുകയുള്ളൂ. |

| വർഷം | ലാഭം [രൂപ ലക്ഷത്തിൽ] |
|---|---|
| 2011-12 | 66.58 |
| 2012-13 | 121.28 |
| 2013-14 | 3.18 |
| 2014-15 | 2.40 |
| 2015-16 | 27.00 |
| 2016-17 | 1.99 |

(സി) പ്രസ്തുത സ്ഥാപനത്തിൽ ആകെ എത്ര ജീവനക്കാർ ഉണ്ടെന്ന് കാറ്റഗറി തിരിച്ച് വിവരം ലഭ്യമാക്കുമോ;

(സി) സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിലെ ജീവനക്കാരുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| തസ്തിക | 1/3/2018 വരെ ലഭ്യമായ കണക്ക് |
|---|---|
| മാനേജിംഗ് ഡയറക്ടർ | 1 |
| ജനറൽ മാനേജർ | 2 |
| ഡെപ്യൂട്ടി ജനറൽ മാനേജർ | 0 |
| സീനിയർ മാനേജർ | 3 |
| മാനേജർ | 1 |
| ഡെപ്യൂട്ടി മാനേജർ | 1 |
| അസിസ്റ്റന്റ് മാനേജർ | 2 |
| എൻജിനിയർ / ഓഫീസർ | 3 |
| ഡെപ്യൂട്ടി ഓഫീസർ/ഡെപ്യൂട്ടി എൻജിനിയർ | 0 |
| അസി. ഓഫീസർ / അസി. എൻജിനിയർ | 11 |
| തൊഴിലാളികൾ / ഓഫീസ് ജീവനക്കാർ | 96 |
| ആകെ | 120 |

(ഡി) പ്രതിമാസം ശമ്പളം, റ്റി. എ., ഡി.എ. ഇനങ്ങളിൽ ചെലവാകുന്ന ആകെ തുക എത്രയെന്ന് വ്യക്തമാക്കുമോ?

(ഡി) പ്രതിമാസം ശമ്പളം, റ്റി. എ., ഡി.എ. ഇനങ്ങളിലായി ചെലവാകുന്ന ആകെ തുക 48,78,566 രൂപയാണ്.

സെക്ഷൻ ഓഫീസർ